സമ്പദ്‌രംഗം

ഉമർ സ്വാദിഖ് പച്ചാട്ടിരി

# ഓഹരി വിപണിയിലെ ഇസ്‌ലാമിക നിക്ഷേപങ്ങൾ

**വിവര** സാങ്കേതികവിദ്യയുടെ ജനകീയവത്കരണവും സുശക്തവും സുതാര്യവുമായ നിയന്ത്രണ സംവിധാനങ്ങളും കൊണ്ട് ഇന്ത്യൻ ഓഹരി വിപണി സാധാരണക്കാരിൽ വരെ സ്വീകാര്യത നേടിക്കൊണ്ടിരിക്കുകയാണ്. ധാരാളം മുസ്‌ലിംകൾ ഓഹരി വിപണിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, ശരീഅത്ത് അനുശാസിക്കുന്ന വിധത്തിൽ എങ്ങനെ ഓഹരി വിപണിയിൽ നിക്ഷേപിക്കാം എന്ന കാര്യത്തിൽ അജ്ഞതയോ അബദ്ധധാരണയോ ആണ് ഭൂരിഭാഗം നിക്ഷേപകർക്കുമുള്ളത്. ഈ നിലക്കുള്ള പഠനങ്ങളും കുറവാണ്.

ഓഹരി വിപണിയിലെ നിക്ഷേപം അനിസ്‌ലാമികമാണെന്ന് അഭിപ്രായമുള്ള പണ്ഡിതന്മാർ ഉണ്ടെങ്കിലും ചില നിയന്ത്രണങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി ഓഹരി വിപണിയിൽ നിക്ഷേപിക്കാം എന്ന അഭിപ്രായമാണ് പൊതുവെയുള്ളത്. ഇറാൻ പോലുള്ള മുസ്‌ലിം രാജ്യങ്ങളിൽ ശരീഅത്ത് നിയമങ്ങൾക്ക് വിധേയമായ ഓഹരി വിപണികൾ പ്രവർത്തിക്കുന്നുണ്ട്. ആഗോളതലത്തിൽ തന്നെ ശരീഅത്ത് ഓഹരികളുടെ മൂല്യത്തിൽ ഇന്ത്യ ഒന്നാമതാണ്. മലേഷ്യ, ഇന്തോനേഷ്യ, ബഹ്റൈൻ തുടങ്ങിയ ഇസ്‌ലാമിക

> ഓഹരികളെ ശരിയായ രീതിയിൽ നിരീക്ഷിക്കാനും വിലയിരുത്താനും പ്രയാസമുള്ള നിക്ഷേപകർക്ക് പ്രഫഷണൽ രീതിയിൽ ഇസ്‌ലാമിക നിക്ഷേപം നടത്തുന്ന മ്യൂച്ചൽ ഫണ്ടുകളെ ആശ്രയിക്കാം.

സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തിയ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ ഓഹരികളുടെ വിപണി മൂല്യത്തിന്റെ 60 ശതമാനത്തോളം വരും ശരീഅത്ത് ഓഹരികൾ. എന്നാലിത് മലേഷ്യയിൽ 51 ശതമാനം, ഇന്തോനേഷ്യയിൽ 40 ശതമാനം, ബഹ്റൈനിൽ 6 ശതമാനം എന്നിങ്ങനെയാണെന്ന് പ്രശസ്ത ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. ശാരിക് നിസാർ (അലീഗഢ് യൂനിവേഴ്സിറ്റി) പറയുന്നു. എങ്കിലും ഓഹരി വിപണിയിൽ നിക്ഷേപത്തിനിറങ്ങുന്ന വിശ്വാസികൾ വിപണിയെക്കുറിച്ച് തികഞ്ഞ ധാരണയും സൂക്ഷ്മതയും പുലർത്തേണ്ടത് അനിവാര്യമാണ്. അല്ലാത്ത പക്ഷം ഇടപാട് ഹലാൽ ആകണമെന്നില്ല.

### എന്തുകൊണ്ട് ഓഹരി വിപണി?

ആഗോളതലത്തിൽ ഇന്ന് ലഭ്യമായ നിക്ഷേപ മേഖലകളിൽ ഏറ്റവും ഉയർന്ന ലാഭം നൽകുന്നത് ഓഹരി വിപണിയാണ്. റിയൽ എസ്റ്റേറ്റ് മികച്ച നിക്ഷേപ അവസരം ഒരുക്കുന്നുണ്ടെങ്കിലും ആവശ്യം വരുമ്പോൾ പെട്ടെന്ന് വിറ്റുമാറ്റാൻ (Liquidity) കഴിയില്ല എന്നത് അതിന്റെ വലിയൊരു ന്യൂനതയാണ്. ഘട്ടം ഘട്ടമായി നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നവർക്കും ചെറുകിട നിക്ഷേപകർക്കും ഈ മേഖല അപ്രാപ്യവുമാണ്.

അമേരിക്കയിലെ ഭവന വായ്പാരംഗത്തെ പ്രതിസന്ധിയെ തുടർന്നുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി കമ്പനികളുടെ ലാഭത്തിലുണ്ടായ കുറവ് അവയുടെ ഓഹരി വിലയിൽ ഉണ്ടാക്കിയ പ്രതിഫലനമാണ് ഇപ്പോഴത്തെ ഓഹരി വിപണിയുടെ തകർച്ചക്ക് കാരണം. എന്നാൽ മാന്ദ്യം വിട്ടുമാറുകയും കമ്പനികൾ മികച്ച പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്യുന്നതോടെ ഏറ്റവും വേഗം തിരിച്ചുവരവ്

നടത്തുന്നതും ഓഹരി വിപണിയായിരിക്കും. ഇപ്പോഴത്തേതിനേക്കാൾ വലിയ പ്രതിസന്ധികൾ തരണംചെയ്ത ചരിത്രവും ഓഹരി വിപണിക്ക് പറയാനുണ്ട്.

മികച്ച ലാഭം എന്നതുപോലെ തന്നെ ഓഹരി വിപണിയിൽ വലിയ നഷ്ടത്തിനും സാധ്യതയുണ്ട്. 'എവിടെയാണോ നഷ്ടത്തിന് സാധ്യതയുള്ളത്, അവിടെ നിന്നേ ലാഭം ഉണ്ടാക്കാനാവൂ' എന്നത് ഒരു ധനശാസ്ത്ര തത്ത്വമാണ്.

ഓഹരി വിപണിയിൽ ഇസ്‌ലാമിക നിക്ഷേപം നടത്താനുദ്ദേശിക്കുന്ന വ്യക്തിക്ക്, ഒന്നുകിൽ തെരഞ്ഞെടുത്ത ഓഹരികളിൽ നേരിട്ട് നിക്ഷേപിക്കാം, അല്ലെങ്കിൽ പ്രമുഖ നിക്ഷേപക സ്ഥാപനങ്ങൾ (മ്യൂച്ചൽ ഫണ്ട് കമ്പനികൾ) നടത്തുന്ന ശരീഅത്ത് ഫണ്ടുകളിലൂടെ നിക്ഷേപം നടത്താം.

## നേരിട്ടുള്ള നിക്ഷേപം

നിക്ഷേപത്തിനായി ഓഹരികൾ തെരഞ്ഞെടുക്കുമ്പോൾ രണ്ട് ഘടകങ്ങൾ പ്രധാനമായും ശ്രദ്ധിക്കണം. 1. കമ്പനി ഏത് മേഖലയിലാണ് പ്രവർത്തിക്കുന്നത്. 2. കമ്പനിയുടെ പലിശ ഇടപാടുമായുള്ള ബന്ധം.

മദ്യം, പുകയില, സാമ്പത്തിക ഇടപാട് സ്ഥാപനങ്ങൾ, ഹോട്ടൽ, വിനോദം, പ്രകൃതിക്കും മനുഷ്യന്നും ഹാനികരമായ രീതിയിൽ പ്രവർത്തിക്കുന്ന കമ്പനികൾ, സാമ്രാജ്യത്വ താൽപര്യങ്ങളുള്ള കമ്പനികൾ, ആയുധ നിർമാണം തുടങ്ങിയ വ്യാപാര വ്യവസായങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഇവയെല്ലാം ശരീഅത്ത് നിക്ഷേപത്തിൽനിന്ന് ഒഴിവാക്കേണ്ടതാണ്. വൻതോതിൽ കടമെടുത്ത് ബിസിനസ് നടത്തുന്നതും വൻതുക പലിശ ലഭിക്കുന്ന രീതിയിൽ നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളതുമായ കമ്പനികളും നിക്ഷേപകർ ഒഴിവാക്കേണ്ടതാണ്. ഇന്ത്യൻ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള അയ്യായിരത്തോളം കമ്പനികളെ മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾക്ക് വിധേയമായി പഠനം നടത്തി ഓരോ മൂന്നു മാസം കൂടുംതോറും പരിഷ്കരിക്കുന്ന ലിസ്റ്റ് 'ഇദാഫ' എന്ന ധനകാര്യ സ്ഥാപനം പുറത്തിറക്കാറുണ്ട്. ഇദാഫയുടെ ഏറ്റവും പുതിയ പഠനമനുസരിച്ച് ഇന്ത്യയിലെ 711 കമ്പനികളിൽ ശരീഅത്ത് നിക്ഷേപം നടത്താവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 'ഇദാഫ'യുടെ വെബ്സൈറ്റിൽനിന്നും (www.idafa.com) ലിസ്റ്റ് ഡൗൺലോഡ് ചെയ്യാം.

**ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ആഗോള തലത്തിൽതന്നെ ശരീഅത്ത് ഫണ്ടുകൾ പ്രത്യേകം പഠനവിധേയമാക്കപ്പെടുന്നുണ്ട്. സാധാരണ മ്യൂച്ചൽ ഫണ്ടുകളേക്കാൾ മെച്ചപ്പെട്ട വളർച്ച രേഖപ്പെടുത്തുന്നുണ്ട് ഈ ഫണ്ടുകൾ. ഇതര മതവിഭാഗങ്ങൾക്കിടയിലും ശരീഅത്ത് ഫണ്ടുകൾക്ക് സ്വീകാര്യത ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്.**

ഓഹരി വിപണിയിലെ നേരിട്ടുള്ള നിക്ഷേപങ്ങൾക്ക് വലിയ തോതിലുള്ള ഉയർച്ച താഴ്ച്ചകൾക്ക് സാധ്യതയുണ്ട്. അതോടൊപ്പം നല്ല സൂക്ഷ്മതയും പഠനവും അനിവാര്യമാണ്. ബാങ്ക് സ്ഥിര നിക്ഷേപങ്ങളുടെ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ലാഭവിഹിതം നൽകുന്ന ധാരാളം കമ്പനികൾ ഇന്ത്യൻ ഓഹരി വിപണിയിൽ ലഭ്യമാണ്. കുറഞ്ഞ റിസ്ക് എടുക്കാൻ താൽപര്യമുള്ളവർക്ക് ഇത്തരം ഓഹരികൾ അനുയോജ്യമാണ്. ഓഹരികളെ ശരിയായ രീതിയിൽ നിരീക്ഷിക്കാനും വിലയിരുത്താനും പ്രയാസമുള്ള നിക്ഷേപകർക്ക് പ്രഫഷനൽ രീതിയിൽ ഇസ്‌ലാമിക നിക്ഷേപം നടത്തുന്ന മ്യൂച്ചൽ ഫണ്ടുകളെ ആശ്രയിക്കാം.

## ശരീഅത്ത് മ്യൂച്ചൽ ഫണ്ടുകൾ

ചില പാശ്ചാത്യ രാജ്യങ്ങളിലും മുസ്‌ലിം രാഷ്ട്രങ്ങളിലും വളരെ മുമ്പു തന്നെ ശരീഅത്ത് ഫണ്ടുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 1996ലാണ് ഇന്ത്യയിൽ ആദ്യത്തെ ശരീഅത്ത് മ്യൂച്ചൽ ഫണ്ട് ആരംഭിക്കുന്നത്.

ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ആഗോള തലത്തിൽതന്നെ ശരീഅത്ത് ഫണ്ടുകൾ പ്രത്യേകം പഠനവിധേയമാക്കപ്പെടുന്നുണ്ട്. സാധാരണ മ്യൂച്ചൽ ഫണ്ടുകളേക്കാൾ മെച്ചപ്പെട്ട വളർച്ച രേഖപ്പെടുത്തുന്നുണ്ട് ഈ ഫണ്ടുകൾ. ഇതര മതവിഭാഗങ്ങൾക്കിടയിലും ശരീഅത്ത് ഫണ്ടുകൾക്ക് സ്വീകാര്യത ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്. വലിയ ഇടവേളക്കു ശേഷം പുതുതായി രണ്ട് ശരീഅത്ത് ഫണ്ടുകൾ കൂടി ഇന്ത്യൻ വിപണിയിൽ എത്തിയിട്ടുണ്ട്.

നിക്ഷേപകരിൽനിന്ന് സ്വീകരിക്കുന്ന സംഖ്യ ശരീഅത്ത് മാനദണ്ഡങ്ങൾ പാലിക്കുന്ന മികച്ച ഓഹരികളിൽ നിക്ഷേപിച്ച് നിക്ഷേപകന് ലാഭം ഉണ്ടാക്കിത്തരികയാണ് ഇത്തരം ഫണ്ടുകൾ. നിക്ഷേപ സംഖ്യയുടെ ഒരു ചെറിയ ശതമാനം ഫീസ് ആയി കമ്പനിക്ക് നൽകേണ്ടിവരും. മ്യൂച്ചൽ ഫണ്ട് നടത്തിപ്പിൽ വർഷങ്ങളുടെ പ്രവർത്തന പരിചയമുള്ള നിക്ഷേപ സ്ഥാപനങ്ങളാണ് ഇവ കൈകാര്യം ചെയ്യുന്നത്. നിക്ഷേപത്തിന്റെ ഓരോ ദിവസത്തെയും വളർച്ച, ഏതൊക്കെ കമ്പനികളിൽ എത്രവീതം സംഖ്യ നിക്ഷേപിച്ചിട്ടുണ്ട് തുടങ്ങിയ വിശദവിവരങ്ങൾ മ്യൂച്ചൽ ഫണ്ട് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽനിന്ന് ലഭിക്കും. ഇന്ന് ഇന്ത്യയിൽ ലഭ്യമായ മൂന്ന് ശരീഅത്ത് മ്യൂച്ചൽ ഫണ്ടുകളാണ് ടാറ്റാ സെലക്ട് ഇക്വിറ്റി ഫണ്ട്, ടാറസ് എത്തിക്കൽ ഫണ്ട്, ശരീഅത്ത് ബിസ്.

ടാറ്റാ സെലക്ട് ഇക്വിറ്റി ഫണ്ട് ആണ് ഇന്ത്യയിലെ ആദ്യത്തെ ശരീഅത്ത് ഫണ്ട്. വൻകിട വ്യവസായ ഗ്രൂപ്പായ ടാറ്റയുടെ നിയന്ത്രണത്തിലുള്ള 'ടാറ്റാ മ്യൂച്ചൽ ഫണ്ട്' ആണ് ഈ പദ്ധതിയുടെ നടത്തിപ്പുകാർ. 1996-ൽ ആരംഭിച്ച ഈ പദ്ധതിയിലെ ചുരുങ്ങിയ നിക്ഷേപം 5000 രൂപയാണ്. ടാറസ് മ്യൂച്ചൽ ഫണ്ട് എന്ന സ്ഥാപനം കൈകാര്യം ചെയ്യുന്ന ടാറസ് എത്തിക്കൽ ഫണ്ട് ആണ് ഇക്കൂട്ടത്തിൽ രണ്ടാമത്തേത്. പ്രശസ്തരായ ഒരുപറ്റം ഇസ്‌ലാമിക പണ്ഡിതന്മാർ ഉൾപ്പെടുന്ന TASIS ശരീഅത്ത് ഗ്രൂപ്പ് ശിപാർശ ചെയ്യുന്ന ഓഹരികളിലാണ് നിക്ഷേപം നടത്തുക.

ബഞ്ച്മാർക്ക് മ്യൂച്ചൽ ഫണ്ട് നടത്തുന്ന ശരീഅത്ത് നിക്ഷേപ പദ്ധതിയാണ് ശരീഅത്ത് ബിസ്. ദേശീയ ഓഹരി സൂചികയിൽ ഉൾപ്പെട്ടിട്ടുള്ള 50 കമ്പനികളിൽ ശരീഅത്ത് മാനദണ്ഡങ്ങൾ പാലിക്കുന്ന 37 കമ്പനികളിൽ ആണ് കമ്പനി നിക്ഷേപം നടത്തുക. സ്വാഭാവികമായും ദേശീയ ഓഹരി സൂചികക്ക് സമാനമായ വളർച്ചയായിരിക്കും ഈ നിക്ഷേപ പദ്ധതിയിലൂടെ ലഭിക്കുന്നത്.

മുകളിൽ വിവരിച്ച നിക്ഷേപ പദ്ധതികളിൽ സാമ്രാജ്യത്വ കമ്പനികളെ ശരീഅത്ത് നിക്ഷേപങ്ങളിൽനിന്ന് ഒഴിവാക്കിയിട്ടില്ല എന്നത് ഒരു ന്യൂനതയാണ്. ■